പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3308 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. രാജഗോപാലൻ | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ നിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ കാര്യക്ഷമമായ രീതിയിൽ വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ട് എത്ര മാസങ്ങളായെന്ന് വ്യക്തമാക്കാമോ; | (എ) | 2016 മെയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളൊഴികെയുള്ള മാസങ്ങളിൽ പെൻഷൻ കാര്യക്ഷമമായ രീതിയിൽ വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പെൻഷൻ ആനുകൂല്യങ്ങൾ മാസാദ്യം തന്നെ വിതരണം ചെയ്യാനും കോർപ്പറേഷൻ കാര്യക്ഷമമാക്കാനും സ്വീകരിച്ച നടപടികൾ എന്തെന്നും, ഇതു പ്രകാരം കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുവാൻ സമഗ്രമായ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കാൻ ഐ.ഐ.എം.ലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമഗ്ര പാക്കേജ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ